കായൽ നികത്തി പുരയിടമാക്കിയവർക്കെതിരെ നടപടി

167 [2605] *ശ്രീ. വർക്കല കഹാർ:*
„ സി. പി. മുഹമ്മദ്:
ശ്രീമതി മേഴ്സി രവി:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന കായലുകൾ ഏതെല്ലാമാണ്; ഇവ വ്യാപകമായി കയ്യേറി നികത്തി ഭൂമിയാക്കി മാറ്റിയിട്ടുണ്ടോ;

(ബി) ഇത് കർശനമായി തടയുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) കായൽ നികത്തി പുരയിടമാക്കിയവരുടെമേൽ എന്തു നടപടിയെടുക്കുവാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ)—(സി) വിവരം ശേഖരിച്ചുവരുന്നു.

ശാസ്താംകോട്ട കായൽ സംരക്ഷണം

168 [2606] *ശ്രീ. ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട കായൽ ഏതുവിധത്തിൽ സംരക്ഷിക്കാമെന്നതു സംബന്ധിച്ച് എന്തെല്ലാം പഠനം നടത്തിയിട്ടുണ്ട്; അതു സംബന്ധിച്ച് നടത്തിയ പഠനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കായലിന്റെ നാലരികിലുള്ള സസ്യങ്ങളെയും അതിലുള്ള ജീവജാലങ്ങളെയും പറ്റി എന്തെല്ലാം പഠനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) & (ബി) തിരുവനന്തപുരത്തെ ഭൗമശാസ്ത്രപഠനകേന്ദ്രം (CESS), കോഴിക്കോട് ആസ്ഥാനമായുള്ള സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM) എന്നിവ വിശദമായ പഠനം നടത്തിയിട്ടുണ്ട്. CESS-ന്റെ പഠനറിപ്പോർട്ടിൽ കായൽ സംരക്ഷിക്കുന്നതിന് ബണ്ട് നിർമ്മിക്കുക, കായലിനു ചുറ്റും ഗ്രീൻ ബെൽറ്റ് നിർമ്മിക്കുക, മണ്ണൊലിപ്പ് തടയുന്നതിനായി വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക എന്നീ നിർദ്ദേശങ്ങളായിരുന്നു. CWRDM

LIBRARY ARCHIVES Kerala Legislative Assembly